**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2001** **06-07-2022 - ൽ മറുപടിയ്ക്ക്**

**പ്രവാസി ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവാസികളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | പ്രവാസികളുടെ ക്ഷേമത്തിനായി നോർക്ക റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ രംഗത്ത് പ്രവാസി ക്ഷേമബോർഡ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | പ്രവാസികളുടെ ക്ഷേമത്തിനായി നോർക്ക റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രവാസികൾക്കായി ഏർപ്പെടുത്തിയ പ്രവാസി ലാഭവിഹിത പദ്ധതി ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ; പ്രസ്തുത പദ്ധതിയിലൂടെ കിഫ്ബിയിലേക്ക് എത്ര തുക സമാഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ? | (സി) | പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുമായി കേരള സർക്കാർ ആവിഷ്കരിച്ച ദീർഘകാല നിക്ഷേപ പദ്ധതിയാണ് പ്രവാസി ഡിവിഡന്റ് പദ്ധതി. കേരള പ്രവാസി ക്ഷേമ ബോർഡാണ് കിഫ്ബിയുടെ സഹകരണത്തോടെ പദ്ധതി നടപ്പാക്കുന്നത്. നിക്ഷേപ സുരക്ഷയോടൊപ്പം പ്രവാസി കേരളീയർക്കും ജീവിത പങ്കാളിക്കും ആജീവനാന്തം പ്രതിമാസ സുരക്ഷിത വരുമാനം ഉറപ്പ് നൽകുന്ന ഈ പദ്ധതി 2019 ഡിസംബർ മാസത്തിലാണ് ആരംഭിച്ചത്. ഈ പദ്ധതി പ്രകാരം 300 കോടിയിൽ പരം രൂപ നിക്ഷേപമായി സ്വീകരിച്ച് കിഫ്ബിയിലേക്ക് ഇതു വരെ കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## പ്രവാസികൾക്കായി നോർക്ക റൂട്ട്സ് മുഖേന നൽകിവരുന്ന വിവിധ സഹായങ്ങളും പദ്ധതികളും

.

1. **സാന്ത്വന:-** പ്രവാസ ജീവിതം കഴിഞ്ഞ് നാട്ടിൽ മടങ്ങിയെത്തിയ സാമ്പത്തികവും, ശാരീരികവുമായി അവശതയനുഭവിക്കുന്ന പ്രവാസി കുടുംബങ്ങളുടെ സഹായത്തിനായി രൂപീകരിച്ച പദ്ധതിയാണ് സാന്ത്വന. ഈ പദ്ധതി പ്രകാരം മരണപ്പെട്ട പ്രവാസിയുടെ ആശ്രിതർക്ക് 1 ലക്ഷം രൂപവരെയും, ഗുരുതര രോഗങ്ങൾ മൂലം ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് ചികിത്സാ ധനസഹായമായി 50,000/- രൂപ വരെയും മറ്റ് ചികിത്സയ്ക്ക് 20,000/- രൂപ വരെയും നൽകുന്നു. സാമ്പത്തികമായി പിന്നോക്കമായിട്ടുള്ള തിരികെയെത്തിയ പ്രവാസികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായമായി 15,000/- രൂപ നൽകുന്നു. കൂടാതെ പ്രവാസികളായ കേരളീയർക്കും അവരുടെ ആശ്രിതർക്കും അംഗവൈകല്യ പരിഹാരത്തിനായി കൃത്രിമക്കാൽ, ഊന്നുവടി, വീൽ ചെയർ മുതലായവ വാങ്ങുന്നതിന് പരമാവധി 10,000/- രൂപ വരെ ധനസഹായവും നൽകുന്നു.
2. **NDPREM:-** തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഗുണഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM). സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന ലഭിക്കുക.

3. **പ്രവാസി ഭദ്രത:-** കോവിഡ് മൂലം തൊഴിൽ നഷ്ടപെട്ട് മടങ്ങിയെത്തിയ പ്രവാസികൾക്കായി നോർക്ക പ്രവാസി പുനരധിവാസ ഏകോപന സംയോജന

പദ്ധതി, 'പ്രവാസി ഭദ്രത' എന്ന പേരിൽ ആരംഭിച്ചു. തിരികെയത്തിയ പ്രവാസി കേരളീയർക്കായി താഴെപ്പറയുന്ന തൊഴിൽ സംരംഭകത്വ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്.

**a) നാനോ എന്റർപ്രൈസ് അസിസ്റ്റൻസ് സ്കീം (പ്രവാസി ഭദ്രത - പേൾ)**

അവിദഗ്ധ തൊഴിൽ മേഖലകളിൽ നിന്നുള്ളവരും കുറഞ്ഞ വരുമാനപരിധിയിൽ വരുന്നവരുമായ പ്രവാസി കേരളീയർ അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി കുടുംബശ്രീ വഴി പലിശരഹിത സംരംഭകത്വ വായ്പകളും പിന്തുണ സഹായങ്ങളും നൽകി സാമ്പത്തിക സ്വാശ്രയത്വം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അപേക്ഷകൻ കുടുംബശ്രീ അയൽക്കൂട്ട അംഗത്വം നേടിയ പ്രവാസിയോ അല്ലെങ്കിൽ അയൽക്കൂട്ട അംഗത്തിന്റെ കുടുംബാംഗമായ പ്രവാസിയോ ആയിരിക്കണം. പരമാവധി 2 ലക്ഷം രൂപ വരെയുള്ള പലിശരഹിത വായ്പയാണ് ലഭിക്കുന്നത്. ഇതിന്റെ തിരിച്ചടവ് കാലാവധി 24 മാസമാണ്.

**b) മൈക്രോ എന്റർപ്രൈസ് അസിസ്റ്റൻസ് സ്കീം (പ്രവാസി ഭദ്രത - മൈക്രോ)**

വിവിധ സഹകരണ സ്ഥാപനങ്ങൾ, പ്രവാസി കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, KSFE തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ മുഖേന സ്വയം തൊഴിൽ വായ്പ നൽകുന്ന പദ്ധതിയാണ് പ്രവാസി ഭദ്രത മൈക്രോ. പരമാവധി 5 ലക്ഷം രൂപ വരെയുള്ള വായ്പയാണ് ലഭിക്കുന്നത്. അഞ്ചു ലക്ഷം രൂപ വായ്പ തുകയിൽ ഒരു ലക്ഷം രൂപ ആദ്യം തന്നെ മൂലധന സബ്സിഡി അനുവദിക്കും എന്നതാണ് പദ്ധതിയുടെ സവിശേഷത. കൃത്യമായ തിരിച്ചടവുള്ളവർക്ക് ത്രൈമാസ കാലയളവിൽ പലിശ സബ്സിഡി നൽകുന്നതാണ്.

**c) പ്രവാസി ഭദ്രത - മെഗാ**

സ്വയം തൊഴിൽ പദ്ധതികൾക്കായി KSIDC മുഖാന്തിരം 25 ലക്ഷം രൂപ മുതൽ 2 കോടി രൂപ വരെ 8.25% മുതൽ 8.75% വരെ പലിശ നിരക്കിൽ വായ്പ്പ നൽകുന്ന പദ്ധതിയാണ് പ്രവാസി ഭദ്രത മെഗാ. പ്രസ്തുത പലിശ നിരക്കിൽ, 5%

ഗുണഭോക്താവും 3.25% മുതൽ 3.75% വരെ പലിശ സബ്സിഡിയായി ത്രൈമാസ കാലയളവിൽ നോർക്ക റൂട്ട്സും അനുവദിക്കും.

4. **ഗ്ലോബൽ കോൺടാക്ട് സെന്റർ:-** ലോകമെമ്പാടുമുള്ള പ്രവാസി മലയാളികൾക്ക് നോർക്ക മുഖാന്തിരം ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനും അവർക്കുള്ള പരാതികൾ അധികൃതരെ അറിയിക്കുന്നതിനുമായി അന്താരാഷ്ട്ര ടോൾ ഫ്രീ നമ്പർ സൗകര്യത്തോടുകൂടി ഗ്ലോബൽ കോൺടാക്റ്റ് സെന്റർ ആരംഭിച്ചു.
5. **നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്:-** നോർക്ക റൂട്ട്സും ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷനുമായി സഹകരിച്ച്, അസുഖബാധിതരായി നാട്ടിലേയ്ക്ക് മടങ്ങുന്ന മലയാളികളെ അല്ലെങ്കിൽ മരണപ്പെടുന്ന മലയാളികളുടെ ഭൗതികശരീരം കേരളത്തിലെ എല്ലാ വിമാനത്താവളങ്ങളിൽ നിന്നും, കൂടാതെ മംഗലാപുരം, കോയമ്പത്തൂർ വിമാനത്താവളങ്ങളിൽ നിന്നും അവരുടെ വീട്ടിലേയ്ക്കോ അവർ ആവശ്യപ്പെടുന്ന ആശുപത്രിയിലേയ്ക്കോ സൗജന്യമായി എത്തിക്കുന്ന പദ്ധതിയാണ് നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്.
6. **പ്രവാസി നിയമ സഹായ സെൽ:-** കേരളീയരായ പ്രവാസികളുടെ ജോലി സംബന്ധമായും, വിസ, പാസ്സ്പോർട്ട്, ജയിൽ ശിക്ഷ തുടങ്ങിയ പ്രശ്നങ്ങൾ നേരിടുന്നവർക്ക് അതാത് രാജ്യത്തെ മലയാളി അഭിഭാഷകരുടെ സൗജന്യ സേവനം നൽകുന്ന പദ്ധതിയാണ് പ്രവാസി നിയമ സഹായ സെൽ. നിസ്സഹായരായ പ്രവാസി മലയാളികൾക്ക് നിയമസഹായം നിഷേധിക്കപ്പെടുന്ന സാഹചര്യം ഇതിലൂടെ ഒഴിവാക്കാനാകും. ഇതിനായി ആറ് ജി.സി.സി രാജ്യങ്ങളിലേക്കായി 10 ലീഗൽ കൺസൾട്ടന്റുമാരെ നിയമിച്ചു.
7. **പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം:-** പ്രവാസജീവിതം കഴിഞ്ഞ് തിരികെ എത്തിയവരുടെ പുനരധിവാസവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന പ്രവാസി സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ധനസഹായം നൽകുന്ന പദ്ധതി. ഈ പദ്ധതി പ്രകാരം പ്രവാസികൾ അംഗങ്ങളായി രൂപീകരിച്ചിട്ടുള്ള സഹകരണ സംഘങ്ങൾക്ക് 3 ലക്ഷം രൂപ വരെ ഒറ്റതവണ ധനസഹായം നൽകുന്നു.

8. **നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ്:-** കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ പ്രധാന കണ്ണിയായ പ്രവാസി മലയാളികളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതി. ആർട്ട്സ് ആൻഡ് സയൻസ് ബിരുദാനന്തര ബിരുദത്തിനും പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്കും പ്രവേശനം നേടി ആദ്യ വർഷമാണ് സ്കോളർഷിപ്പ് നൽകുക. 20000 രൂപയാണ് ടി പദ്ധതി പ്രകാരം വിദ്യാർത്ഥിക്ക് ലഭിക്കുക.
9. **സ്കിൽ അപ്ഗ്രഡേഷൻ & റീഇന്റഗ്രേഷൻ പ്രോഗ്രാം:-** കേരളത്തിലെ യുവതി യുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം ഇന്ത്യയ്ക്കകത്തും വിദേശത്തുമുള്ള തൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ സ്കിൽ അപ്ഗ്രഡേഷൻ & റീഇന്റഗ്രേഷൻ പ്രോഗ്രാം നടത്തിവരുന്നു.
10. **നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ:-** പ്രവാസികളായ മലയാളികളിൽ നിന്നും സംസ്ഥാനത്തേയ്ക്ക് നിക്ഷേപങ്ങൾ ആകർഷിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് നോർക്ക റൂട്ട്സിന്റെ കീഴിൽ ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചിട്ടുള്ളത്. കേരളത്തിലെ വ്യവസായ സംരംഭക സാദ്ധ്യതകൾ പഠിച്ച് മുൻഗണനാക്രമത്തിൽ സംരംഭകർക്ക് മുമ്പിൽ അവതരിപ്പിക്കാനും അപ്രകാരം സംരംഭങ്ങൾ തുടങ്ങാനുള്ള സാങ്കേതികവും സാമ്പത്തികവുമായ ഉപദേശങ്ങൾ നൽകുകയും ചെയ്യുക വഴി കേരളത്തിൽ നിക്ഷേപം നടത്താൻ പ്രവാസി സംരംഭകർക്ക് പ്രചോദനം നൽകുകയാണ് എൻ.ബി.എഫ്.സി- യുടെ ലക്ഷ്യം.
11. **എമർജൻസി റിപാട്രിയേഷൻ:-** അടിയന്തര ഘട്ടങ്ങളിൽ, വിദേശ രാഷ്ട്രങ്ങളിൽ നിന്നും പ്രവാസി മലയാളികളെ അവരുടെ താമസസ്ഥലത്ത് നിന്നോ, തൊഴിൽ സ്ഥലത്ത് നിന്നോ കുറഞ്ഞ നിരക്കിലുള്ള വിമാനയാത്രാ, താമസം, വിദേശത്ത് മരണപ്പെടുന്ന/അപകടങ്ങളിൽപ്പെട്ടവരെ വിമാനത്താവളങ്ങളിൽ നിന്നും അതത് പ്രദേശങ്ങളിലേയ്ക്ക്/ആശുപത്രികളിലേയ്ക്ക് എത്തിക്കുന്നതിന് എമർജൻസി റിപാടിയേഷൻ ഫണ്ട് എന്ന പദ്ധതി നിലവിലുണ്ട്.

12. **നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റുകൾ, വിസ തട്ടിപ്പ് എന്നിവയെക്കുറിച്ചുള്ള ബോധവത്ക്കരണം, പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾ:-** പ്രവാസി മലയാളികൾക്കും തിരിച്ച് എത്തുന്നവർക്കുമായി നോർക്ക നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ, സേവനങ്ങൾ, വിദേശ രാജ്യങ്ങളിൽ തൊഴിൽ അന്വേഷിക്കുന്നവർക്കുള്ള സുരക്ഷിതമായ കുടിയേറ്റ മാർഗ്ഗനിർദ്ദേശങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ നോർക്ക നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ശക്തമായ ബോധവത്ക്കരണം നടത്തിവരുന്നു. എന്നിരുന്നാലും വിസ, തൊഴിൽ തട്ടിപ്പിനിരയാകുന്നവരുടേയും മറ്റ് ചതിക്കുഴികളിൽപ്പെടുന്നവരുടേയും എണ്ണം കൂടി വരുന്ന കാര്യം ശ്രദ്ധയിൽപ്പെടുന്നതിനാൽ ഇക്കാര്യത്തിൽ കൂടുതൽ ശക്തവും കാര്യക്ഷമവുമായ പ്രവർത്തനം നടത്തിവരുന്നുണ്ട്.

13. **ജോബ് പോർട്ടൽ & റിക്രൂട്ട്മെന്റ്:-** തിരുവനന്തപുരത്തുള്ള നോർക്ക റൂട്ട്സിന്റെ ആസ്ഥാന കാര്യാലയത്തിൽ സുസജ്ജമായ റിക്രൂട്ട്മെന്റ് വിഭാഗം 2015 മുതൽ പ്രവർത്തിച്ച വരുന്നു. വിദേശ രാജ്യങ്ങളിൽ ലഭ്യമായ വിവിധ തൊഴിൽ മേഖലകളിലേയ്ക്ക് കേരളത്തിൽ നിന്നും ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്ത് അയക്കുവാനുള്ള കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ അംഗീകാരമുള്ള റിക്രൂട്ട്മെന്റ് ഏജൻസിയാണ് നോർക്ക റൂട്ട്സ്. നോർക്ക റൂട്ടസ് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന റിക്രൂട്ട്മെന്റ് വിഭാഗം നിയമപരവും സുതാര്യവും സുരക്ഷിതവുമായ മാർഗ്ഗങ്ങളിലൂടെ വിദേശത്ത് കുടിയേറുവാൻ ഉദ്യോഗാർഥികളെ സഹായിച്ചുവരുന്നു. നിലവിൽ സൗദി അറേബ്യ, യു.എ.ഇ, ഒമാൻ, കുവൈറ്റ് എന്നീ ഗൾഫ് രാജ്യങ്ങളിലേയും, യു.കെ-യിലേയും ആരോഗ്യമേഖലയിലേക്ക് ഡോക്ടർമാർ, നഴ്സുമാർ, മെഡിക്കൽ ടെക്നീഷ്യൻമാർ, ഗാർഹിക ജോലിക്കാർ എന്നീ വിഭാഗത്തിൽപ്പെട്ടവരെ നോർക്ക റൂട്ട്സ് തെരഞ്ഞെടുത്ത് അയച്ചുവരുന്നു. കൂടാതെ നോർക്ക റൂട്ട്സും ജർമ്മൻ സർക്കാർ ഏജൻസിയായ ഫെഡറൽ എംപ്ലോയ്മെൻറ് ഏജൻസിയും തമ്മിൽ ജർമ്മനിയിലേയ്ക്ക് നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതിനുള്ള കരാർ 2022 ഡിസംബർ മാസം രണ്ടാം തീയതി ഒപ്പ് വച്ചിട്ടുണ്ട്.

വിദഗ്ധ തൊഴിലാളികൾക്ക് ജപ്പാനിൽ പ്രത്യേക ''Status of Residence'' ഒരുക്കുന്ന SSW പ്രോഗ്രാം 2019 ഏപ്രിലിൽ ജപ്പാൻ പ്രഖ്യാപിച്ചിരുന്നു. ഇന്ത്യയിൽ നിന്നും വിദഗ്ധ തൊഴിലാളികളുടെ റിക്രൂട്ട്മെന്റ് പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2021 ജനുവരിയിൽ ജപ്പാനുമായി ഇന്ത്യ ധാരണാ പത്രം ഒപ്പ് വച്ചു. 14 മേഖലകളിലെ 73-ൽ പരം കാറ്റഗറികളിലാണ് ഒഴിവുകൾ കണക്കാക്കിയിട്ടുള്ളത്. കേരളത്തിൽ നിന്നുള്ള നോഡൽ ഏജൻസിയായി നോർക്കയെ വിദേശകാര്യ മന്ത്രാലയം തിരഞ്ഞെടുത്തിട്ടുണ്ട്.

14. **മാർക്കറ്റ് റിസർച്ച്:-** റിക്രൂട്ട്മെന്റ് പ്രക്രിയയും പരിശീലനവും നൈപുണ്യ വികസനവും നിയമപരമായ വശങ്ങളും കാര്യക്ഷമമാക്കുന്നതിന്, റിക്രൂട്ട്മെന്റിന്റെ എല്ലാ വശങ്ങളും പരിശോധിക്കുന്നതിനായി ഒരു പൊതു സ്വകാര്യ പങ്കാളിത്ത മോഡലിൽ രൂപീകരിച്ചതാണ് ഈ പദ്ധതി. തൊഴിൽ വിപണിയിലെ തൊഴിലുടമയ്ക്കും ജീവനക്കാരനും ഒരുപോലെ സുഗമമാക്കുന്നതിന് റിക്രൂട്ട്മെന്റ്, പരിശീലനം, നൈപുണ്യ വികസനം, പോസ്റ്റ് പ്ലേസ്മെന്റ് അസിസ്റ്റൻസ്, നിയമ സഹായം, ഇൻഷുറൻസ് പിന്തുണ എന്നിവ യുക്തിസഹമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ സംരംഭം രൂപീകരിച്ചിരിക്കുന്നത്. സർക്കാരിന്റെ എല്ലാ റിക്രൂട്ട്മെന്റ് ഏജൻസികളെയും പ്രവർത്തനങ്ങളെയും സംയോജിപ്പിക്കാനും ഇതിലൂടെ ഉദ്ദേശിക്കുന്നു.
15. **ഐഡി കാർഡ്:-** നോർക്ക ഐഡി കാർഡ് എടുക്കുന്ന പ്രവാസിക്ക് നിലവിൽ അപകടം മൂലമുള്ള മരണത്തിന് 4 ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയും അപകടം മൂലമുള്ള ഭാഗികമായോ/സ്ഥിരമായോ ആയ അംഗവൈകല്യങ്ങൾക്ക് പരമാവധി 2 ലക്ഷം രൂപയുടെയും ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നു. പ്രവാസികൾക്കായി നൽകുന്ന തിരിച്ചറിയൽ കാർഡും, പ്രവാസി രക്ഷ ഇൻഷുറൻസ് കാർഡും ഉൾപ്പെടെ, 87117 പ്രവാസികൾക്കാണ് 2021-22 സാമ്പത്തിക വർഷത്തിൽ ഐഡി കാർഡ് നല്കാൻ സാധിച്ചത്.

16. **പ്രവാസി രക്ഷാ ഇൻഷുറൻസ് പോളിസി:-** വിദേശത്ത് 6 മാസത്തിൽ കൂടുതൽ രേഖാമൂലം ജോലി ചെയ്യുകയോ, താമസിക്കുകയോ ചെയ്യുന്ന പ്രവാസികൾക്ക്

ഗുരുതര രോഗങ്ങൾക്കായി പ്രവാസി രക്ഷാ ഇൻഷ്വറൻസ് പോളിസി നടപ്പാക്കി. ഗുരുതര അസുഖങ്ങൾക്ക് 1 ലക്ഷം രൂപയും, അപകട മരണത്തിന് 2 ലക്ഷം രൂപയും അപകടം മൂലമുള്ള വൈകല്യത്തിന് പരമാവധി 1 ലക്ഷം രൂപയും ലഭിക്കുന്നു.

17. **സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ:-** വിദേശത്ത് ജോലിയ്ക്ക് ശ്രമിക്കുന്ന മലയാളികൾക്ക് ഏറെ സമയനഷ്ടം ഉണ്ടാക്കിയിരുന്ന സംഗതിയാണ് സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ. ഇതിന് പരിഹാരമായിട്ടാണ് എല്ലാ ജി.സി.സി രാജ്യങ്ങളിലേക്കുമുള്ള സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷന്(എച്ച്.ആർ.ഡി) നോർക്ക റൂട്ട്സിന്റെ തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം മേഖലാ ഓഫീസുകളിൽ സൗകര്യമൊരുക്കിയിട്ടുള്ളത്. മാനവവിഭവ ശേഷി വികസന മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള കേരള സംസ്ഥാനത്തെ ഏക സ്ഥാപനമാണ് നോർക്ക-റൂട്ട്സ്. കൂടാതെ നോർക്ക-റൂട്ട്സ് വഴി ഹോം അറ്റസ്റ്റേഷൻ സൗകര്യവും ഏർപ്പെടുത്തി. നിലവിൽ ചെയ്തുവരുന്ന യു.എ.ഇ, കുവൈത്ത് എംബസ്സി അറ്റസ്റ്റേഷന് പുറമെ സൗദി, ഖത്തർ, ബഹ്റൈൻ, എന്നീ രാജ്യങ്ങളിലേയ്ക്ക് ഉള്ള സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സേവനവും ആരംഭിച്ചു. കൂടാതെ, കുവൈറ്റ് വിസാ സ്റ്റാമ്പിംങ്ങും ആരംഭിച്ചു.

18. **പ്രവാസി തണൽ:-** കോവിഡ് ബാധിച്ച് വിദേശത്തോ, സ്വദേശത്തോ വച്ച് മരണപ്പെട്ട പ്രവാസിയുടെ അവിവാഹിതരായ പെൺമക്കൾക്കും, കോവിഡ് ബാധിച്ച മരണപ്പെട്ട മുൻപ്രവാസിയുടെ അവിവാഹിതരായ പെൺമക്കൾക്കും നോർക്ക റൂട്ട്സ് ഡയറക്ടറായ ഡോ. രവി പിള്ളയുടെ ആർ.പി ഗ്രൂപ്പ് വഴി നോർക്കാ-റൂട്ട്സ് മുഖാന്തിരം 25000 രൂപ ഒറ്റതവണ ധനസഹായം നൽകുന്ന പദ്ധതിയാണ് 'പ്രവാസി തണൽ'. നാളിതുവരെ 'പ്രവാസി തണൽ' പദ്ധതി മുഖേന 341 പേർ ധനസഹായത്തിന് അർഹരായിട്ടുണ്ട്.

**കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളും സഹായങ്ങളും:-**

2008 ലെ കേരള പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ പ്രവർത്തനം 12/03/2009-ൽ സമാരംഭിച്ചു.പ്രവാസികളുടെ സമഗ്രമായ ക്ഷേമവും ഉന്നമനവും ലക്ഷ്യമാക്കി പ്രവർത്തിച്ചു വരുന്ന കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് ഇതിലെ അംഗങ്ങളായ പ്രവാസികൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും 2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതി പ്രകാരം അനുവദിച്ചു വരുന്നു. കേരള സർക്കാർ പ്രവാസികൾക്കായി ആവിഷ്കരിച്ചിട്ടുള്ള വിവിധ ക്ഷേമ പദ്ധതികൾ ഉൾക്കൊള്ളുന്ന പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതി അർഹരായ എല്ലാ വിഭാഗം ജനങ്ങളിലേക്കും എത്തിക്കുന്നതിനായി ബോർഡ് പരിശ്രമിച്ചു വരുന്നു. ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾക്ക് അർഹത നേടുന്നതിന് നിധിയിൽ അംഗത്വമെടുക്കുകയാണ് പ്രാഥമികമായി ചെയ്യേണ്ടത്. ക്ഷേമ നിധി അംഗങ്ങൾക്ക് താഴെപറയുന്ന ആനുകൂല്യങ്ങളാണ് പ്രവാസി ക്ഷേമ ബോർഡിൽ നിന്നും നൽകി വരുന്നത്.

**1. പെൻഷൻ**

അറുപത് വയസ്സ് പൂർത്തിയായതും, അഞ്ചുവർഷത്തിൽ കുറയാത്ത കാലയളവിൽ തുടർച്ചയായി അംശാദായം അടച്ചിട്ടുള്ളതുമായ ഓരോ പ്രവാസി കേരളീയനായ (വിദേശം)-(1എ) അംഗത്തിന് 3500 രൂപയും, ഓരോ മുൻ പ്രവാസി കേരളീയനായ (വിദേശം)-(1ബി) അംഗത്തിനും പ്രവാസി കേരളീയൻ (ഭാരതം)-2എ അംഗത്തിനും 3000/- രൂപയും പ്രതിമാസ മിനിമം പെൻഷൻ അനുവദിച്ചു വരുന്നു. അഞ്ചുവർഷത്തിൽ കൂടുതൽ കാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക്, അവർ പൂർത്തിയാക്കിയ ഓരോ അംഗത്വ വർഷത്തിനും ടി നിശ്ചയിച്ചിട്ടുള്ള മിനിമം പെൻഷൻ തുകയുടെ മൂന്ന് ശതമാനത്തിന് തുല്യമായ തുക കൂടി അധിക പെൻഷനായി നല്കുന്നുണ്ട്.

**2. കുടുംബപെൻഷൻ**

പെൻഷന് അർഹത നേടിയതിന് ശേഷം ഒരംഗം മരണമടയുന്ന പക്ഷം അയാളുടെ കുടുംബാംഗങ്ങൾക്ക് പ്രതിമാസ കുടുംബ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

കുടുംബ പെൻഷൻ തുക ഓരോ വിഭാഗത്തിനും അർഹതപ്പെട്ട പ്രതിമാസ പ്രായാധിക്യ പെൻഷൻ തുകയുടെ അൻപതു ശതമാനം ആയിരിക്കും.

**3. അവശതാ പെൻഷൻ**

തന്റെ നിത്യവൃത്തിക്കായി ഏതെങ്കിലും തൊഴിൽ ചെയ്യുന്നതിന് സ്ഥായിയായ ശാരീരിക അവശത മൂലം കഷ്ടത അനുഭവിക്കുന്നതും 60% അവശതയുണ്ടെന്ന മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം സമർപ്പിക്കുന്നവർക്കും ക്ഷേമനിധിയിൽ മൂന്നുവർഷത്തിൽ കുറയാത്ത കാലയളവിൽ തുടർച്ചയായി അംശദായമടച്ചിട്ടുള്ളതുമായ ഒരംഗത്തിന് അർഹതപ്പെട്ട പെൻഷൻ തുകയുടെ നാല്പതു ശതമാനത്തിനു തുല്യമായ തുക പ്രതിമാസ അവശതാ പെൻഷനായി ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതാണ്.

**4. മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്ക് ധനസഹായം**

ഈ പദ്ധതിയിൽ അംഗമായിരിക്കെ മരണ മടയുന്ന പ്രവാസി കേരളീയരായ (വിദേശം)-(1എ) അംഗത്തിന്റെ ആശ്രിതർക്ക് അൻപതിനായിരം രൂപയും വിദേശത്തു നിന്നും തിരിച്ചുവന്ന പ്രവാസി കേരളീയനായ (വിദേശം)-(1ബി) അംഗത്തിന്റെ ആശ്രിതർക്ക് മുപ്പതിനായിരം രൂപയും, പ്രവാസി കേരളീയനായ (ഭാരതം)-(2എ) അംഗത്തിന്റെ ആശ്രിതർക്ക് ഇരുപത്തയ്യായിരം രൂപയും, കല്പിത അംഗങ്ങളുടെ ആശ്രിതർക്ക് ഇരുപതിനായിരം രൂപയും മരണാനന്തര ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

**5. ചികിത്സാസഹായം**

ഗുരുതരമായ രോഗം ബാധിച്ച അംഗങ്ങളുടെ ചികിത്സക്കായി ഒരംഗത്തിന് മുഴുവൻ അംഗത്വകാലയളവിൽ അമ്പതിനായിരം രൂപയെന്ന പരമാവധി പരിധിക്ക് വിധേയമായി ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

**6. വിവാഹധനസഹായം**

കുറഞ്ഞത് മൂന്ന് വർഷമെങ്കിലും തുടർച്ചയായി അംശാദായം അടച്ചുവരുന്നതോ വിവാഹത്തിനു മുമ്പായി മൂന്ന് വർഷത്തെ അംശദായം മുൻകൂറായി അടച്ചിട്ടുള്ളതോ ആയ അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടേയും വനിതാ അംഗങ്ങളുടേയും വിവാഹച്ചെലവിനായി പതിനായിരം രൂപ ഒരംഗത്തിന് നിധിയിൽ നിന്നും

ലഭിക്കുന്നതാണ്. എന്നാൽ രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

### 7. പ്രസവാനുകൂല്യം

(1) കല്പിതാംഗങ്ങൾ ഒഴികെയുള്ള രണ്ടുവർഷക്കാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള ഒരു വനിതാ അംഗത്തിന് പ്രസവത്തിന് മൂവായിരം രൂപ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ ഒരംഗത്തിന് രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(2) കല്പിതാംഗങ്ങൾ ഒഴികെയുള്ള ഗർഭം അലസൽ സംഭവിച്ച വനിതാ അംഗത്തിന് രണ്ടായിരം രൂപ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ, രണ്ടു തവണ പ്രസവാനുകൂല്യമോ ഗർഭം അലസലിനുള്ള ആനുകൂല്യമോ രണ്ടും കൂടിയോ ലഭിച്ച അംഗത്തിന് തുടർന്ന് ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

### 8. വിദ്യാഭ്യാസ ആനുകൂല്യം

രണ്ടുവർഷമെങ്കിലും നിധിയിൽ തുടർച്ചയായി അംശാദായം അടച്ചിട്ടുള്ള അംഗങ്ങളുടെ മക്കൾക്ക് ഒരു കുട്ടിക്ക് എന്ന പരിധിക്ക് വിധേയമായി വിദ്യാഭ്യാസ ഗ്രാന്റിന് അർഹതയുണ്ടായിരിക്കുന്നതാണ്. ബോർഡ് നിശ്ചയിച്ചിട്ടുളള മാനദണ്ഡ പ്രകാരം ഗ്രാന്റിന് അപേക്ഷ സമർപ്പിച്ചവർക്ക് കോഴ്സിനെ അടിസ്ഥാനപ്പെടുത്തി പരമാവധി നാലായിരം രൂപവരെ ഗ്രാന്റ് അനുവദിക്കുന്നുണ്ട്.

### പ്രവാസി ഡിവിഡന്റ് പദ്ധതി

പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിൻറെ ഭാഗമായും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുമായി കേരള സർക്കാർ ആവിഷ്കരിച്ച ദീർഘകാല നിക്ഷേപ പദ്ധതിയാണ് പ്രവാസി ഡിവിഡന്റ് പദ്ധതി. കേരള പ്രവാസി ക്ഷേമ ബോർഡ് കിഫ്ബിയുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. നിക്ഷേപ സുരക്ഷയോടൊപ്പം പ്രവാസി കേരളീയർക്കും ജീവിത പങ്കാളിക്കും ആജീവനാന്തം പ്രതിമാസ സുരക്ഷിത വരുമാനം ഉറപ്പ് നൽകുന്ന ഈ പദ്ധതിക്ക് നല്ല സ്വീകരണമാണ് പ്രവാസികൾ നൽകി വരുന്നത്. 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെ

നിക്ഷേപിക്കാവുന്ന ഈ പദ്ധതിയിൽ നിക്ഷേപകർക്ക് നിക്ഷേപ തീയതി മുതൽ 3 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് 10% വാർഷിക നിരക്കിലുള്ള ഡിവിഡന്റ് പ്രതിമാസമായി ലഭ്യമാക്കുകയും ചെയ്യുന്നു. ആദ്യ മൂന്നു വർഷങ്ങളിലെ ഡിവിഡന്റ് നിക്ഷേപ തുകയോടൊപ്പം കൂട്ടി ചേർത്ത തുകയ്ക്കാണ് ഇപ്രകാരം ഡിവിഡന്റ് നൽകുന്നത്. നിക്ഷേപകരുടെ കാലശേഷം ജീവിത പങ്കാളിക്ക് ഡിവിഡന്റ് ലഭ്യമാകും. അതിനുശേഷം നോമിനിക്ക് ആദ്യ മൂന്ന് വർഷത്തെ ഡിവിഡന്റ് സഹിതം നിക്ഷേപത്തുക തിരികെ നൽകുന്നതാണ്. പ്രവാസികൾക്ക് സാമ്പത്തിക സുരക്ഷയോടൊപ്പം സാമൂഹ്യ പരിരക്ഷയും ഉറപ്പാക്കുന്ന പദ്ധതിയാണ് ഇത്. 300 കോടിയിൽ പരം രൂപ നിക്ഷേപമായി സ്വീകരിച്ച് കിഫ്ബിയിലേക്ക് ഇതു വരെ കൈമാറിയിട്ടുണ്ട്.

**പ്രവാസി ഭവന പദ്ധതി**

പ്രവാസി ക്ഷേമ നിധി അംഗങ്ങൾ ബാങ്കുകൾ /ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് എടുക്കുന്ന 20 ലക്ഷം രൂപ വരെയുള്ള ഭവന വായ്പകൾക്ക് 5% സർക്കാർ വായ്പാ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയാണിത്. നടപ്പ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഇതിനായി 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിനുള്ള ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി താഴെപ്പറയുന്ന മാനദണ്ഡങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

1. ഗുണഭോക്താവ് പ്രവാസി ക്ഷേമ നിധിയിലെ സജീവ അംഗമായിരിക്കണം.

2. അംഗത്തിനോ ജീവിത പങ്കാളിക്കോ സ്വന്തമായി വാസയോഗ്യമായ വീട് ഉണ്ടായിരിക്കാൻ പാടില്ല. അംഗത്തിന്റെയോ ജീവിത പങ്കാളിയുടെയോ പേരിൽ സ്വന്തമായി വീട് നിർമ്മിക്കാൻ അനുയോജ്യമായ സ്ഥലം കേരളത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.

3. ലഭ്യമാകുന്ന യോഗ്യമായ അപേക്ഷകളിൽ നിന്നും വാർഷിക വരുമാനം ഏറ്റവും കുറവുള്ളവർക്ക് മുൻഗണന നൽകുന്ന വിധത്തിലും അപ്രകാരം അപേക്ഷകൾ പരിശോധിക്കുവാൻ സാധിക്കാത്ത അവസരത്തിൽ അംഗത്വ സീനിയോരിറ്റി അനുസരിച്ചും അർഹതയുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കി ആയതിൻ പ്രകാരം ആനുകൂല്യം നൽകാവുന്നതാണ്.

4. 20 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് 5% വായ്പാ സബ്സിഡി (പരമാവധി 1 ലക്ഷം രൂപ) വായ്പ അനുവദിക്കുന്ന ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങളിലെ ഗുണഭോക്താവിന്റെ വായ്പാ അക്കൗണ്ടിലേക്ക് മുൻകൂറായി നൽകാവുന്നതാണ്. ബാക്കിയുള്ള തുകയും പലിശയുമാണ് ഗുണഭോക്താവ് തിരിച്ചടക്കേണ്ടത്.